**BSNL EMPLOYEES UNION**

(Regd. under Indian Trade Union Act 1926. Regn. No. 4896)

**KERALA CIRCLE**

P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 29/2018-2020 തീയതി: 12-12-2018

# 9-ാമത് അഖിലേന്ത്യാ സമ്മേളനം
# 2018 ഡിസംബർ 17 - 20 മൈസൂരു

സഖാവെ,

ബി.എസ്.എൻ.എൽ എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാ സമ്മേളനവുമായി ബന്ധപ്പെട്ട് സ്വാഗതസംഘം നൽകിയ നിർദ്ദേശങ്ങളും അറിയിപ്പുകളും താഴെ കൊടുക്കുന്നു.

(1) സമ്മേളനം വൻ വിജയമാക്കി മാറ്റുന്നതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും സ്വാഗതസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. എന്നാൽ സാമ്പത്തിക പ്രയാസം ഉണ്ട്. സർക്കിളിനു പുറത്തുനിന്നുള്ള സോവനീയറിലേക്കുള്ള പരസ്യങ്ങളും സംഭാവനകളും ഉദ്ദേശിച്ച രീതിയിൽ ലഭിച്ചിട്ടില്ല. അതുകൊണ്ട് പരമാവധി പരസ്യങ്ങൾ എത്തിക്കുന്നതിനുള്ള ശ്രമം സഖാക്കളുടെ ഭാഗത്തുനിന്നണ്ടാകണം.

(2) സമ്മേളനത്തിൽ പങ്കെടുക്കേണ്ട പ്രതിനിധികളുടെ എണ്ണം അഖിലേന്ത്യാ യൂണിയൻ തീരുമാനിച്ച് അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| പ്രതിനിധികൾ | : | 915 | 1526 |
| നിരീക്ഷകർ | : | 611 | |

കൂടാതെ അഖിലേന്ത്യാ ഭാരവാഹികളും സർക്കിൾ സെക്രട്ടറിമാരും സമ്മേളനത്തിൽ പങ്കെടുക്കും. ഈ സഖാക്കൾക്ക് ആവശ്യമായ താമസ സൗകര്യം മാത്രമെ സ്വാഗതസംഘം തയ്യാറാക്കിയിട്ടുള്ളു. അതുകൊണ്ട് യാതൊരു കാരണവശാലും അധികം പ്രതിനിധികളെ പങ്കെടുപ്പിക്കാൻ കഴിയില്ല.

(3) സമ്മേളനനഗറിൽ നിന്നും 3-4 കി.മീ അകലത്തിലുള്ള ഹോട്ടലുകളും, ഡോർമെറ്ററികളുമാണ് താമസത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളത്. സമ്മേളന നഗറിൽ നിന്നും പ്രീപെയിഡ് ഓട്ടോ സൗകര്യം ഒരുക്കിയിട്ടുണ്ട്. വളരെ കുറഞ്ഞ ചിലവിൽ സഞ്ചരിക്കാൻ കഴിയും.

(4) പ്രതിനിധികൾക്കും നിരീക്ഷകർക്കും ഡിസംബർ 16 രാവിലെ 10 മുതൽ 20 രാവിലെ 10 വരെ താമസ സൗകര്യം ഉണ്ടായിരിക്കും.

(5) പകൽ സമയങ്ങളിൽ നല്ല കാലാവസ്ഥയാണ് മൈസൂറിൽ. എന്നാൽ രാത്രി തണുത്ത കാലാവസ്ഥയാണ്. തണുപ്പിനെ അതിജീവിക്കാൻ കഴിയുന്ന സ്വെറ്റർ, ഷാൾ എന്നിവ കരുതേണ്ടതാണ്.

(6) പ്രതിനിധികളുടെ രജിസ്ട്രേഷൻ 16നു ആരംഭിക്കും. രജിസ്ട്രേഷനുശേഷം മാത്രമെ താമസ സൗകര്യം നൽകുകയുള്ളു. രജിസ്ട്രേഷൻ നട,ക്കുന്ന സ്ഥലത്ത് നിന്നും താമസ സ്ഥലത്തേയ്ക്ക് പ്രീപെയിഡ് ഓട്ടോ ലഭ്യമാണ്.

(7) സമ്മേളന നഗരിയിൽ പ്രതിനിധികളും നിരീക്ഷകരും പൂർണ്ണസമയവും ഉണ്ടായിരിക്കേണ്ടതാണ്. പുറത്തുനിന്നും ആരെയും സമ്മേളന നഗറിൽ പ്രവേശിപ്പിക്കില്ല. ഈ കാര്യത്തിൽ എല്ലാ പേരുടെയും സഹകരണം ഉണ്ടാകണം.

(8) സമ്മേളനം സി.ഐ.ടി.യു അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ.തപൻസെൻ ഉത്ഘാടനം ചെയ്യും. വിവിധ സംഘടനാ നേതാക്കൾ സംസാരിക്കും.

(9) ആദ്യ ദിവസമായ 17-ന് ഉച്ചയ്ക്ക് 3 മണിയ്ക്ക് സമ്മേളന നഗറിൽ നിന്നും പ്രകടനം ആരംഭിച്ച് ഏകദേശം 3കി.മീ ചുറ്റി തിരികെ സമ്മേളന നഗറിൽ എത്തിചേരും. പ്രകടനത്തിനുശേഷം പൊതുസമ്മേളനവും സെമിനാറും നടക്കും.സി.എം.ഡി. ഡയറക്ടർ (എച്ച്.ആർ) കോർപ്പറേറ്റ് ഓഫീസിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. പൊതു സമ്മേളനത്തിനുശേഷം കലാപരിപാടികൾ ഉണ്ടായിരിക്കും.

(10) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വരുന്ന പ്രതിനിധികൾക്ക് ഇഷ്ടപ്പെടുന്ന തരത്തിലുള്ള ഭക്ഷണം നൽകും.

(11) സമ്മേളന നഗരിയിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്ന മെഡിക്കൽ ടീം ഉണ്ടായിരിക്കും.

**<u>സഹായത്തിനായി ബന്ധപ്പെടേണ്ട സഖാക്കളുടെ പേരും നമ്പരും</u>**

| | | | |
|---|---|---|---|
| **(1)** | **സ.സുബ്രഹ്മണ്യ, ജില്ലാ സെക്രട്ടറി മൈസൂർ** | **:** | **9449856489, 9449489489** |
| **(2)** | **സ. ജ്ഞാനപ്രകാശ്, അസി: സർക്കിൾ സെക്രട്ടറി** | **:** | **9448758589,9482458589** |
| **(3)** | **സ.മഹാത്മസ്വാമി, ജില്ലാ പ്രസിഡന്റ്** | **:** | **9449993535** |
| **(4)** | **സ. ഗുണ്ടണ്ണ. സി.കെ. സർക്കിൾ സെക്രട്ടറി** | **:** | **9448519079** |
| **(5)** | **സ. സുദർശനൻ എച്ച്.വി ഓർഗ:സെക്രട്ടറി** | **:** | **9448088887** |

മൈസൂര് എത്തിയാൽ ഉടൻതന്നെ പ്രതിനിധികളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കണം (ഡെലിഗേറ്റ് ഫീസ്: 1000 രൂപ). അതിനുശേഷം മാത്രമേ താമസ സൗകര്യം ലഭിക്കുകയുള്ളു. സമ്മേളനത്തിൽ പങ്കെടുക്കുന്ന മുഴുവൻ പ്രതിനിധികളും മൈസൂരിൽ എത്തിച്ചേരുന്ന തീയതിയും, സമയവും സ്വാഗതസംഘത്തെ അറിയിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിനിധികൾ സമ്മേളനം നടക്കുന്ന സമയത്ത് പൂർണ്ണസമയവും സമ്മേളന ഹാളിൽ ഉണ്ടായിരിക്കണം. ജില്ലാ സെക്രട്ടറിമാർ ഇതിനാവശ്യമായ നടപടി സ്വീകരിക്കണം. സോവനീറിലേക്കുള്ള പരസ്യവും ചെക്കും സെക്രട്ടറിമാർ കൊണ്ടുവരേണ്ടതും, സർക്കിൾ സെക്രട്ടറിയെ ഏല്പിക്കേണ്ടതുമാണ്. സമ്മേളന വിജയത്തിനായി സ്വാഗതസംഘം നടത്തുന്ന പ്രവർത്തനങ്ങളുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ,**



**സി.സന്തോഷ്കുമാർ**

സർക്കിൾ സെക്രട്ടറി